**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3247** **25-10-2021 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മാനേജ്മെന്റിന് കീഴിൽ വരുന്ന എയിഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ നേരിട്ടും പ്രമോഷൻ വഴിയും അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ; | (എ) | എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ നേരിട്ടും പ്രമോഷൻ വഴിയുമുള്ള അദ്ധ്യാപകരുടെ നിയമനം കെ.ഇ.ആർ അദ്ധ്യായം 32 ൽ നിഷ്കർഷിച്ചിട്ടുള്ളതിന്റെ അടിസ്ഥാന ത്തിലാണ് നടക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (a)പ്രിൻസിപ്പൽ തസ്തികയിലെ നിയമനം : വിദ്യാഭ്യാസ ഏജൻസിയുടെ പരിധിയിലുള്ള എച്ച്.എസ്.എസ്.റ്റി മാരിൽ നിന്നും പ്രൊമോഷൻ മുഖേനയും യോഗ്യരായ ഹൈസ്കൂൾ വിഭാഗം എച്ച്.എം മാരിൽ നിന്നും ബൈട്രാൻസ്ഫർ മുഖേനയും 2:1 എന്ന അനുപാതത്തിൽ. (b)എച്ച്.എസ്.എസ്.റ്റി തസ്തികയിലെ നിയമനം : വിദ്യാഭ്യാസ ഏജൻസിയുടെ പരിധിയിലുള്ള ബന്ധപ്പെട്ട വിഷയത്തിലുള്ള എച്ച്.എസ്.എസ്.റ്റി ജൂനിയർമാരിൽ നിന്നും ബൈട്രാൻസ്ഫർ മുഖേനയും അവരുടെ അഭാവത്തിൽ യോഗ്യരായ എച്ച്.എസ്.റ്റി/യു.പി. എസ്.റ്റി/എൽ.പി.എസ്.റ്റി. മാരിൽ നിന്നും ബൈ ട്രാൻസ്ഫർ മുഖേനയും നേരിട്ടുള്ള നിയമനത്തിലൂടെയും 1:3 എന്ന അനുപാതത്തിൽ നിയമിക്കാവുന്നതാണ്. ബൈട്രാൻസ്ഫർ നിയമനത്തിന് യോഗ്യരായവർ ഇല്ലെങ്കിൽ നേരിട്ടാണ് നിയമനം നടത്തേണ്ടത്. (c)എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലെ നിയമനം : വിദ്യാഭ്യാസ ഏജൻസിയുടെ പരിധിയിലുള്ള യോഗ്യരായ എച്ച്.എസ്.റ്റി/യു.പി. എസ്.റ്റി/എൽ.പി.എസ്.റ്റി. മാരിൽ നിന്നും ബൈട്രാൻസ്ഫർ മുഖേനയും നേരിട്ടുള്ള നിയമനം മുഖേനയും നടത്താം. എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയുടെ 25% തസ്തികമാറ്റം മുഖേനയും 75% നേരിട്ടുള്ള നിയമനത്തിലൂടെയുമാണ് നടത്തുന്നത്. |
| (ബി) | എയിഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ നിയമിതരായ അദ്ധ്യാപകരുടെ പ്രൈമറി, ഹൈസ്കൂൾ എന്നിവിടങ്ങളിലെ സീനിയോറിറ്റി ലിസ്റ്റ് | (ബി) | എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുക ളിൽ നിയമിതരായ അധ്യാപകരുടെ പ്രൈമറി, ഹൈസ്കൂൾ എന്നിവിടങ്ങളിലെ സീനിയോറിറ്റി ലിസ്റ്റ് |

| | | | |
|---|---|---|---|
| | ഹാജരാക്കാത്തതിനാൽ നിയമനം അംഗീകരിക്കാത്ത എത്ര അപേക്ഷകൾ നിലവിലുണ്ട്; ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ; | | ഹാജരാക്കാത്തതിനാൽ നിയമനം അംഗീകരിക്കാത്ത 44 അപേക്ഷകൾ നിലവിലുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തിരുവനന്തപുരം - 4 കോട്ടയം - 6 ഇടുക്കി - 1 കോഴിക്കോട് - 7 മലപ്പുറം - 8 പാലക്കാട് - 2 കണ്ണൂർ - 12 കാസർഗോഡ് - 4 |
| (സി) | കോവിഡ് 19 സാഹചര്യത്തിൽ സീനിയോറിറ്റി ലിസ്റ്റ് സമയബന്ധിതമായി അംഗീകരിച്ച് കിട്ടാത്ത അവസ്ഥയിൽ അദ്ധ്യാപക നിയമനം നൽകിയതിന് തൊട്ടുമുമ്പത്തെ വർഷത്തെ സീനിയോറിറ്റി ലിസ്റ്റിന്റെയും മാനേജരുടെ ഡിക്ലറേഷന്റെയും അടിസ്ഥാനത്തിൽ നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ